## ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിലെ താത്കാലിക നിയമനങ്ങൾ

106 [4312] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിൽ സർക്കാർ അനുമതി ലഭിച്ച എത്ര സ്ഥിരം-താത്കാലിക തസ്തികകൾ നിലവിലുണ്ട്; ഈ തസ്തികകളുടെ അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ്;

(ബി) ഇപ്പോൾ ഈ തസ്തികകൾ കൂടാതെ എത്രപേർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നു; ഇവരുടെ നിയമനം ഏതു രീതിയിലായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ശാസ്ത്ര-സാങ്കേതിക മ്യൂസിയം ഡയറക്ടർക്കോ ഗവേണിംഗ് കൗൺസിലിനോ താത്കാലിക തസ്തികകൾ സൃഷ്ടിക്കുവാനും നിയമനം നടത്തുവാനും സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമാനുസൃതമല്ലാതെ നിയമനം ലഭിച്ചവരെ പിരിച്ചുവിടാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) അതത് തസ്തികകളിൽ സർക്കാർ അനുവദിച്ചിട്ടുള്ളത്ര എണ്ണം ജീവനക്കാർ മാത്രമേ ജോലി ചെയ്യുന്നുള്ളൂ. അനുബന്ധത്തിൽ പറയുന്ന തസ്തികകൾ കൂടാതെ 24-ാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം മൂന്നെണ്ണമുള്ള ഡ്രൈവർ തസ്തികയിൽ നാലാമതായി ഒരാളെ നിയമിച്ചിട്ടുണ്ട്. ആ നിയമനം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) 19-8-1981-ലെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം നിലവിൽ ഗവേണിംഗ് ബോഡിക്ക് 1500 രൂപ വരെ അന്നത്തെ ശമ്പള സ്കെയിലിൽ അടിസ്ഥാന ശമ്പളമുള്ള തസ്തികകൾ സൃഷ്ടിക്കുവാനുള്ള അധികാരം നൽകിയിട്ടുണ്ട്. അടിസ്ഥാന ശമ്പളം 1500 രൂപയ്ക്ക് മുകളിലുള്ള തസ്തികകൾ സൃഷ്ടിക്കുവാൻ ഗവൺമെന്റിനുമാത്രമേ അധികാരമുള്ളൂ. മ്യൂസിയം ഡയറക്ടർക്ക് തസ്തിക സൃഷ്ടിക്കുവാനോ നിയമനം നടത്തുവാനോ ഇപ്പോൾ അധികാരം നിലവിലില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly